നിറവ് പദ്ധതി

237 (1676) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'നിറവ്' പദ്ധതി കുട്ടനാട്ടിൽ നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

കുട്ടനാട് നിയോജക മണ്ഡലം നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലുണ്ടായ കൃഷിനാശം

238 (1677) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നാശം സംഭവിച്ച കാർഷിക വിളകൾ ഏതെല്ലാം ; ഇവയുടെ എണ്ണവും വ്യാപ്തിയും നഷ്ടംവന്ന തുകയും എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രകൃതി ദുരന്തങ്ങളിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഓരോ വിളകൾക്കും എത്ര രൂപ വീതമാണ് നഷ്ടപരിഹാരമായി നൽകി വരുന്നതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഇവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എത്ര തുക വീതം ; ഇനി എത്ര പേർക്ക് എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷി വകുപ്പ് എങ്ങനെയാണ് തീർപ്പ് കൽപ്പിക്കുന്നതെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 വർഷത്തിൽ പലപ്പോഴായി പെയ്ത കനത്ത മഴയിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സംഭവിച്ച കൃഷിനാശം സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകിവന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)-നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 343/2012/ഡി.എം.ഡി. ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്രസർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്താൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ 2014-ൽ പെയ്ത കനത്ത മഴയിൽ കൃഷിനാശം സംഭവിച്ച 1725 കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നത് പരിശോധിച്ചുവരുന്നു.

(ഡി) കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർ യഥാസമയം കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധരേഖകളും സ്വീകരിച്ച് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ ഉദ്യോഗസ്ഥരോടൊപ്പം കൃഷി സ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നഷ്ടപരിഹാരത്തുക നിശ്ചയിച്ച് ഇക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ഇക അനുവദിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.